# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4489 — 17/12/2014 -ൽ മറുപടിക്ക്

# ചേർത്തല താലൂക്കിലെ ജെ.ഐ.സി.എ.യു-ടെ പൈപ്പ് ലൈൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജെ.ഐ.സി.എ.യു-ടെ പൈപ്പ് ലൈൻ ചേർത്തല താലൂക്കിൽ എത്ര പ്രദേശങ്ങളിൽ ഏതൊക്കെ സ്ഥലങ്ങളിൽ നാളിതുവരെ പൊട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; മറവൻതുരുത്തിൽ എത്ര പ്രാവശ്യം ഈ പൈപ്പ് ലൈൻ പൊട്ടിയിട്ടുണ്ട്; | (എ) ചേർത്തല താലൂക്കിൽ ട്രാൻസ്മിഷൻ പൈപ്പ് ലൈനിൽ 25 സ്ഥലങ്ങളിൽ പൊട്ടലുകൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങൾ ഇവയാണ് മായിത്തറ (2 തവണ), പള്ളി പ്പുറം-കൃഷി ഭവനസമീപം, വീരമംഗലം, തറവൂർ കടക്കരപ്പള്ളി, തുറവൂർ ഫെറി, ഒറ്റപ്പുന്ന ജംഗ്ഷൻ, തുറവൂർ, പാണാവള്ളി, കുത്തിയത്തോട് (പാട്ടുകുളങ്ങര), കുത്തിയ ത്തോട് പാലം, മൂന്നാംകര കലിംഗ്, മാരാരിക്കുളം (2 തവണ), എക്സ് റേ (വാട്ടർ അതോറിറ്റി ഓഫീസിന് സമീപം), പള്ളിപ്പുറം ചർച്ച്, കഞ്ഞിക്കുഴി, പോളി ടെക്നിക് (ചേർത്തല യുടെ എതിർവശം), തിരുനെല്ലൂർ, മലബാർ സിമെന്റ് (പള്ളിപ്പുറത്തിന് സമീപം), മാക്കേക്കടവ്, പള്ളിപ്പുറം വില്ലേജ് ഓഫീസിന് സമീപം, കെ.വി.എം. ജംഗ്ഷൻ, തുറവൂർ ഫെറിക്ക് സമീപം (2 തവണ) എന്നിവയാണ്.<br>മറവൻതുരുത്തിൽ എട്ട് തവണ ഈ പൈപ്പ് ലൈൻ പൊട്ടിയിട്ടുണ്ട് |
| (ബി) ഇങ്ങനെ അടിക്കടി പൊട്ടുന്നത് ഇതിനായി ഉപയോഗിച്ച പൈപ്പിന്റെ ഗുണമേന്മ കുറവായതിനാലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പൈപ്പുകൾ വാങ്ങുന്നതിന് ഏതൊക്കെ തലങ്ങളിലാണ് തീരുമാനമെടുത്തത് | (ബി) ചേർത്തലയിലെ ജപ്പാൻ കുടിവെള്ളപദ്ധതിയിൽ ജി.ആർ.പി പൈപ്പിൽ ക്രമാതീതമായി പൊട്ടൽ ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതിന്റെ യഥാർത്ഥ കാരണത്തെ സംബന്ധിച്ച വിഷയം അന്വേഷണ ഘട്ടത്തിലാണ്. ജിക്ക |

| | | | |
|---|---|---|---|
| | എന്ന് വിശദമാക്കാമോ; | | പദ്ധതി കൺസൾട്ടന്റിന്റെ ശുപാർശ പ്രകാരം വാട്ടർ അതോറിറ്റിയുടെ ടെക്നിക്കൽ കമ്മിറ്റിയാണ് ടി പൈപ്പുകൾ വാങ്ങുന്നതിന് തീരുമാനമെടുത്തത്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് അന്വേഷണത്തിന് തയ്യാറാകുമോയെന്ന റിയിക്കുമോ? | (സി) | ഇത് സംബന്ധിച്ച അന്വേഷണം പൂർത്തിയായതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/